# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

17-02-2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2163

## കൊച്ചി - മംഗലാപുരം പാചകവാതക പൈപ്പ് ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കൊച്ചി - മംഗലാപുരം പാചകവാതക പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) കൊച്ചി - മംഗലാപുരം പ്രകൃതിവാതക പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2012 ജനുവരിയിൽ ആരംഭിച്ചെങ്കിലും, ജനങ്ങളുടെ എതിർപ്പുമൂലം 2013 ഡിസംബറോടു കൂടി നിർത്തിവയ്ക്കേണ്ടിവന്നു. എന്നാൽ ഈ പദ്ധതി പുനരാരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) ഇതിനായി കണ്ണൂർ ജില്ലയിൽ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട് ; ഭൂ ഉടമകൾക്ക് എത്ര രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; | (ബി) പൈപ്പ് ലൈൻ പദ്ധതിയ്ക്കുവേണ്ടി ഭൂമിയുടെ ഉപയോഗാവകാശമാണ് മുഖ്യമായും ആവശ്യമായിട്ടുള്ളത്. ഇതിനുവേണ്ടി P&MP Act ന്റെ 6 (1) വകുപ്പു പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 83 കിലോമീറ്റർ നീളത്തിൽ 20 മീറ്റർ വീതിയിലാണ് കൈവശാവകാശം ഏറ്റെടുക്കേണ്ടത്. ഇതിനായി നഷ്ട പരിഹാര തുകയിനത്തിൽ 1.36 കോടി രൂപ ഗെയിൽ, സ്ഥലമെടുപ്പിന്റെ ചുമതലയുള്ള സംസ്ഥാന സർക്കാരിന്റെ ഡെപ്യൂട്ടി കലക്ടർ & കോംപിറ്റന്റ് അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം ഉടമകൾ നഷ്ടപരിഹാരം സ്വീകരിക്കാൻ തയ്യാറാകാത്തതുകൊണ്ട്, തുക ഉടമകൾക്ക് കൈമാറിയിട്ടില്ല. |
| (സി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് സെക്ഷനലൈസിംഗ് വാൾവ് സ്റ്റേഷനും ഇന്റർമിഡിയേറ്റ് പിഗ്ഗിംഗ് സ്റ്റേഷനും സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; | (സി) കണ്ണൂർ ജില്ലയിൽ സെക്ഷനലൈസിംഗ് വാൽവ് സ്ഥാപിക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>1. തൃപ്പങ്ങോട്ടൂർ വില്ലേജ്, തലശ്ശേരി താലൂക്ക്<br>2. എരുവട്ടി വില്ലേജ്, തലശ്ശേരി താലൂക്ക് |

3. കൂടാളിവില്ലേജ്, തലശ്ശേരി താലൂക്ക്

4. പരിയാരംവില്ലേജ്, തളിപ്പറമ്പ താലൂക്ക്

5. ആലപ്പടമ്പ വില്ലേജ്, തളിപ്പറമ്പ താലൂക്ക്

ഇന്റർമീഡിയറ്റ് പിഗ്ഗിംഗ് സ്റ്റേഷൻ തളിപ്പറമ്പ താലൂക്കിൽ, കുറുമാത്തൂർ വില്ലേജിൽ, മുണ്ടേരി / മുയ്യം ദേശത്താണ് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി) പ്രകൃതി വാതക പൈപ്പ് ലൈനിന്റെ നിർമ്മാണം 2013 ഏപ്രിൽ മാസം പൂർത്തിയാക്കാനായിരുന്നു പദ്ധതിയിട്ടിരുന്നത്. എന്നാൽ പൊതുജനങ്ങളുടെ എതിർപ്പുമൂലം ഇത് സാധിക്കാതെ വരികയും, പദ്ധതി താൽക്കാലികമായി നിർത്തിവെക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് പദ്ധതി പുനരാരംഭിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ